പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം *622 | 24/05/2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ പ്രവർത്തനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.എം. സ്വരാജ്**<br>**,, ജോർജ് എം. തോമസ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഗുണനിലവാരമുള്ള ആഹാര സാധനങ്ങളാണ് വിൽക്കുന്നതെന്ന് ഉറപ്പ് വരുത്താൻ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | സംസ്ഥാനത്ത് ഗുണനിലവാരമുള്ള ആഹാരസാധനങ്ങളാണ് വിൽക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ശക്തമായ ഒരു എൻഫോഴ്സ്മെന്റ് വിഭാഗം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിലും ഭക്ഷ്യ സുരക്ഷാ വകുപ്പിന് ഒരു ഫുഡ് സേഫ്റ്റി ഓഫീസറുടെ കീഴിൽ ഒരു ഫുഡ് സേഫ്റ്റി സർക്കിളും ജില്ലാ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർ (ഇന്റലിജൻസ്)മാരുടെ നേതൃത്വത്തിൽ മൊബൈൽ വിജിലൻസ് സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നു. ഫുഡ് സേഫ്റ്റി ഓഫീസർമാർ സംസ്ഥാനത്തെ ഭക്ഷ്യ ഉൽപാദന സംഭരണ-വിതരണ കേന്ദ്രങ്ങളിലും ചെക്ക്പോസ്റ്റുകളിലും പരിശോധനകൾ നടത്തി ഭക്ഷ്യസാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ഗവൺമെന്റിന്റെ ഫുഡ് ടെസ്റ്റിംഗ് ലാബുകളിൽ അയച്ചു പരിശോധന നടത്തി വരുന്നു. പരിശോധനയിൽ ഗുണനിലവാരമില്ലാത്തവയും ലേബലിൽ കൃത്രിമം കാണിച്ചിട്ടുള്ളതുമായ ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർക്കെതിരെ അഡ്ജുഡിക്കേഷന് വിധേയമായി പിഴ ചുമത്തുന്നു. എന്നാൽ മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ മായങ്ങൾ കലർത്തിയിട്ടുണ്ടെങ്കിൽ ക്രിമിനൽ കേസ് എടുത്തു കോടതിയിൽ കേസ് ഫയൽ ചെയ്യുന്നു. ഈ ഗവൺമെന്റ് ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി പി.എസ്.സി വഴി 90 ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയമിച്ചു. അതിൽ 75 പേർക്ക് നിയമപ്രകാരമുള്ള പരിശീലനം നൽകി. അ |

| | | | |
|---|---|---|---|
| | | | വർക്ക് നോട്ടിഫിക്കേഷൻ നൽകുകയും ചെയ്തു. ഇതു കൂടാതെ ഭക്ഷണപദാർത്ഥങ്ങളുടെ പരിശോധന ശക്തിപ്പെടുത്തുന്നതിനുവേണ്ടി രണ്ടു മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ആരംഭിച്ചു.<br>കേരളീയ ജനതയ്ക്ക് സുരക്ഷിതമായ മത്സ്യം ലഭ്യമാക്കുന്നതിനു വേണ്ടി "ഓപ്പറേഷൻ സാഗർറാണി" എന്ന പദ്ധതി ആവിഷ്കരിച്ച് ശക്തമായ പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടത്തി വരുന്നു.<br>ഇതു കൂടാതെ ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ നടത്തുന്ന കേരള സർക്കാരിന്റെ കീഴിലുള്ള മൂന്നു ലാബുകളെയും അന്താരാഷ്ട്ര നിലവാരത്തിലേക്കു ഉയർത്തുന്നതിന്റെ ഭാഗമായി ഗവൺമെന്റ് സ്വീകരിച്ച നടപടികളുടെ ഭാഗമായി അവയ്ക്ക് NABL അക്രഡിറ്റേഷൻ ലഭിച്ചു കഴിഞ്ഞു. അങ്ങനെ ഇൻഡ്യയിൽ തന്നെ സർക്കാർ ഉടമസ്ഥതയിലുള്ള എല്ലാ ഫുഡ് ടെസ്റ്റിംഗ് ലാബുകൾക്കും NABL അക്രഡിറ്റേഷൻ ലഭിക്കുന്ന ആദ്യസംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. |
| സി) | ഭക്ഷ്യ ഉൽപാദന-സംഭരണ-വിതരണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷനോ ലൈസൻസോ ഉണ്ടാകണമെന്ന നിയമം പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | സി) | ഭക്ഷ്യസുരക്ഷാഗുണനിലവാര നിയമം 2011 മുതൽ ഇൻഡ്യയിൽ നടപ്പാക്കി തുടങ്ങി. അതിനോടൊപ്പം കേരളത്തിലും ഈ നിയമം നിലവിൽ വന്നു. ഈ നിയമ പ്രകാരം വാർഷിക വരുമാനം 12 ലക്ഷത്തിൽ താഴെയുള്ളവർക്കു രജിസ്ട്രേഷനും 12 ലക്ഷത്തിൽ കൂടുതൽ വരുമാനം ഉള്ളവർക്കു ലൈസൻസും നിർബന്ധമാണ്. എന്നാൽ കേന്ദ്രഗവൺമെന്റ് ലൈസൻസ്/രജിസ്ട്രേഷൻഎടുക്കേണ്ട അവസാന തീയതി പലപ്രാവശ്യം നീട്ടിയതിനെ തുടർന്ന് ഇതു കർശനമായി നടപ്പാക്കാൻ കഴിഞ്ഞില്ല. നിലവിൽ ലൈസൻസ്/രജിസ്ട്രേഷൻഎടുക്കേണ്ട കാലാവധി അവസാനിച്ചിരിക്കുകയാണ്. അതിനാൽ കേരളത്തിലെ എല്ലാ ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാരെയും കൊണ്ട് ലൈസൻസ്/രജിസ്ട്രേഷൻഎടുപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു. സംസ്ഥാനത്ത് ഭക്ഷ്യ ഉൽപ്പാദന വിതരണ സംഭരണ മേഖലയിൽ എത്ര വൻകിട ചെറുകിട സ്ഥാപനങ്ങളുണ്ടെന്ന് കൃത്യമായ വിവരം ലഭ്യമല്ല. ഈ മേഖലയിലെ മുഴുവൻ സ്ഥാപനങ്ങൾക്കും നിയമാനുസൃതം ലൈസൻസും രജിസ്ട്രേഷനും നൽകുന്നതിനുള്ള നടപടികൾ Food Licensing and Registration System (FLRS) എന്ന Online |

| | | | |
|---|---|---|---|
| | | | System -ത്തിൽ കൂടി നടപ്പിലാക്കി വരുന്നു. 2017 ജൂലൈ മാസത്തോടു കൂടി കേരളത്തിലെ 75 % ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാരെ ഭക്ഷ്യസുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷന്റെ പരിധിയിൽ കൊണ്ടുവരുന്നതാണ്. നാളിതു വരെ FLRS വഴി കേരളത്തിൽ 130876 എണ്ണം ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർക്ക് രജിസ്ട്രേഷനും 33867 എണ്ണം ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർക്ക് ലൈസൻസും നൽകിയിട്ടുണ്ട്. |
| ഡി) | ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ പരിശോധനയിൽ ഭക്ഷണസാധനങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തിയാൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ? | ഡി) | സ്വീകരിക്കാറുണ്ട്. ഭക്ഷണ പദാർത്ഥങ്ങൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലബോറട്ടറികളിൽ പരിശോധന നടത്തി ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികളിൽ ക്രിമിനൽ കേസുകൾ ഫയൽ ചെയ്യാറുണ്ട്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 അനുബന്ധ ചട്ടങ്ങളും 2011 ആഗസ്റ്റ് 5 മുതൽ ആണ് രാജ്യത്താകമാനം നടപ്പിലാക്കിയത്. ഈ തീയതിക്കു ശേഷം കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രിമിനൽ കേസുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം - 7<br>കൊല്ലം - 28<br>പത്തനംതിട്ട - 1<br>ആലപ്പുഴ - 4<br>കോട്ടയം - 17<br>ഇടുക്കി - 18<br>എറണാകുളം - 91<br>തൃശ്ശൂർ - 23<br>പാലക്കാട് - 16<br>മലപ്പുറം - 5<br>കോഴിക്കോട് - 58<br>വയനാട് - 9<br>കണ്ണൂർ - 46<br>കാസർഗോഡ് - 6 |

സെക്ഷൻ ഓഫീസർ